ദേശാഭിമാനി 21 January 2024

# കാർബൺ ബഹിർഗമന തോത് കുറയ്ക്കണമെന്ന് യുഎൻ വേദിയിൽ ഇന്ത്യ

കൊച്ചി

മത്സ്യമേഖലയിൽ കാലാവസ്ഥാവ്യതിയാനത്തിന്റെ ഭീഷണി ചെറുക്കാൻ കാർബൺ ബഹിർഗമന തോത് ഗണ്യമായി കുറയ്ക്കണമെന്ന് ഇന്ത്യയുടെ നിർദേശം. ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള ലോക ഭക്ഷ്യകാർഷിക സംഘടനയുടെ (എഫ്എഒ) ഫിഷറീസ് മാനേജ്മെന്റ് സബ്കമ്മിറ്റിയുടെ പ്രഥമയോഗത്തിലാണ് നിർദേശം. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനമാണ് (സിഎംഎഫ്ആർഐ) കാലാവസ്ഥാപ്രതിരോധ മത്സ്യമേഖലയെക്കുറിച്ചുള്ള ഇന്ത്യയുടെ പ്രസ്താവന ആഗോളവേദിയിൽ അവതരിപ്പിച്ചത്. കാലാവസ്ഥാവ്യതിയാനം ചെറുക്കുന്നതിൽ ഇന്ത്യയുടെ സജീവനിലപാട് വ്യക്തമാക്കുന്ന പ്രസ്താവന സിഎംഎഫ്ആർഐയിലെ ഫിഷറി റിസോഴ്സസ് അസസ്മെന്റ് ഇക്കണോമിക്സ് ആൻഡ് എക്സ്റ്റൻഷൻ വിഭാഗം മേധാവി ഡോ. ജെ ജയശങ്കർ വായിച്ചു.